# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 154 | 09.06.2014-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര നടപടിയിലുള്ള തടസ്സം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ.സി.കെ. നാണു<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പോലീസ് സേനാംഗങ്ങളും ബ്ലേഡ് മാഫിയകളും തമ്മിലുള്ളതായി പറയപ്പെടുന്ന അവിശുദ്ധ ബന്ധം 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ നടത്തുന്ന നടപടികൾക്ക് എത്രമാത്രം തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ | (എ) 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ നടത്തുന്ന ബ്ലേഡ് മാഫിയയ്ക്കെതിരെയുള്ള നടപടികൾ സുഗമമായി നടത്തുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ബഹു.ആഭ്യന്തര മന്ത്രിയും പോലീസ് മേധാവിയും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. പോലീസ് സേനാംഗങ്ങളും, ബ്ലേഡ് മാഫിയകളും തമ്മിൽ അവിശുദ്ധബന്ധമുള്ളതായും ഇതുമൂലം പോലീസ് നടപടികൾക്ക് എന്തെങ്കിലും തടസ്സമുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത പണമിടപാടുകൾ സംബന്ധിച്ച് ലഭിക്കുന്ന എല്ലാ പരാതികളിന്മേലും കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഉദ്യോഗസ്ഥർ അവിഹിതമായി ഉണ്ടാക്കിയ സാമ്പാദ്യം കൊണ്ട് ബിനാമികളായ പലരും അമിത പലിശയ്ക്ക് പണം കടം കൊടുത്ത് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്ത് അമിതപ്പലിശയ്ക്ക് അനധികൃതമായി പണം കടം കൊടുക്കുന്നവർക്കെതിരെ മുഖം നോക്കാതെ കർശന നിയമ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിൽ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിയമ നടപടികളും, വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്. |

(സി) ബ്ലേഡ് മാഫിയയുടെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ തടയുന്നതിനും അമിത പലിശ ഈടാക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമാണെന്ന ആരോപണം ഉണ്ടായതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

8

(സി) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും, മുദ്രപ്പത്രങ്ങളും, ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. ഇത്തരം നടപടികൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോവുകയും, സംസ്ഥാനത്തൊട്ടാകെ നിരവധിപേരെ അറസ്റ്റ് ചെയ്യുകയും, അനവധി രേഖകളും മറ്റും പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് ഇത്തരം പ്രവർത്തനങ്ങൾ വലിയ തോതിൽ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട് ആയതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമാണെന്ന ആരോപണം ശരിയല്ല.

സെക്ഷൻ ഓഫീസർ